"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കിയ തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ നഗരത്തിന് നവകേരളം പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരളം പുരസ്കാരം - തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1659/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/09/2021

പരാമർശം:- 1. സ.ഉ. (സാധാ) നം.1571/2021/തസ്വഭവ തീയതി 16/08/2021.

2. ശുചിത്വമിഷന്റെ 17.08.2021 തീയതിയിലെ 1373/എ/2021/എസ്എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി, ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങൾ ഒരുക്കിയ തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ നഗരത്തിന് നവകേരളം പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരളം പുരസ്കാരമായി 2 ലക്ഷം രൂപ വീതം അവാർഡ് തുക നൽകുന്നതിന് ശുചിത്വ മിഷന്റെ ശുചിത്വ കേരളം പദ്ധതിയിൽ ഐ.ഇ.സി. ഘടകത്തിൽ ഉൾപ്പെടുത്തി 56 ലക്ഷം രൂപ അനുവദിച്ച് സർക്കാർ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്ന രണ്ടുലക്ഷം രൂപ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതുണ്ടെന്നും അതിനായി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ശുചിത്വ മിഷൻ പരാമർശം 2 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ നഗരത്തിന് നവകേരളം പുരസ്കാരം, ശുചിത്വ ഗ്രാമത്തിന് നവകേരളം പുരസ്കാരമായി ലഭിക്കുന്ന രണ്ടുലക്ഷം രൂപ മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാത്രം വിനിയോഗിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്